"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക്(ഗേൾസ്) ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.433/2025/SCSTD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:- 1 സ.ഉ(കൈ) നം 25/2024/SCSTD, തീയതി 05.08.2024

2 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 08.04.2025 തീയതിയിലെ SCDD/5010/2022-C3 (EDN C) നമ്പർ കത്ത്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പാലക്കാട് ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് (ഗേൾസ്) ഹോസ്റ്റലിൽ താൽക്കാലിക തസ്തികകൾ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് (ഗേൾസ്) ഹോസ്റ്റൽ ആരംഭിക്കുന്നതിനായി ഫർണിച്ചർ ഇനത്തിൽ 60,00,000/- രൂപയും, ബെഡ്, ബെഡ്ഷീറ്റ് എന്നിവയ്ക്കായി 10,00,000/- രൂപയും അടുക്കള ഉപകരണങ്ങൾക്കായി 5,00,000/- രൂപയും ഉൾപ്പെടെ ആകെ 75,00,000/- (എഴുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) രൂപ ചെലവു പ്രതീക്ഷിക്കുന്നതായും പ്രസ്തുത തുക 2225-01-277-57-34 (പി) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും അതിനാൽ പ്രസ്തുത തുക അനുവദിച്ച ഉത്തരവ് നൽകണമെന്നും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതും താൽകാലിക തസ്തിക സൃഷ്ടിച്ചിട്ടുള്ളതുമായ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പോസ്റ്റ്മെട്രിക് (ഗേൾസ്) ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകളിൽ ഇളവ് അനുവദിച്ച കൊണ്ട് 75,00,000/-(എഴുപത്തി അഞ്ച് ലക്ഷം രൂപ മാത്രം)രൂപ 2225-01-277-57-34 P(V) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

G S SAGINA

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23/6/2025 ലെ WW-WW3/258/2022-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
H Suni
Date: 03-07-2025 14:27:20

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് -ന്.